# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 4520 — 20/10/2011 ൽ മറുപടിക്ക്

### പോലീസിലെ സീനിയോരിറ്റി നിർണ്ണയത്തിലെ അപാകതകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കേരള പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാതലത്തിലുള്ള സീനിയോറിറ്റി ഏത് ഉത്തരവ് പ്രകാരമാണ് നിർണ്ണയിക്കുന്നത് ; | (എ) സീനിയോരിറ്റി നിർണ്ണയിക്കുന്നത് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ജനറൽ റൂൾ 27 പ്രകാരമാണ്. എന്നാൽ ജില്ലാ സായുധ സേനകളിലേക്കും ആംഡ് പോലീസ് ബറ്റാലിയനുകളിലേക്കും പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കും ഒരേ സമയം നേരിട്ട് നിയമനം നിലനിന്നിരുന്ന കാലഘട്ടത്തിൽ ബറ്റാലിയനുകളിൽ നിയമനം ലഭിച്ച ജില്ലാ എ. ആറുകളിലേക്ക് ട്രാൻസ്ഫർ ആയി വരുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാ എ.ആറുകളിലെ സീനിയോരിറ്റി നിർണ്ണയിക്കുന്നതിന് സ്പെഷ്യൽ റൂളിൽ SRO No. 1289/80, 144/86 എന്നീ ഭേദഗതി ഉത്തരവുകൾ യഥാക്രമം 25.12.1980 28.1.1986, എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം വീണ്ടും ഭേദഗതി ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിന് ശേഷവും നിയമപ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തി വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) | നിയമപ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തി വന്നിരുന്നത് കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിന്ന് ഡബ്ള്യൂ.പി (സി)17133/07 പ്രകാരമുള്ള 12-03-2010 ലെ കോടതി വിധിയിൽ ആയത് തിരുത്തുവാൻ നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് ആയിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി ) 12.3.2010 ലെ ഡബ്ല്യു പി.സി 17133/07 നമ്പർ വിധിന്യായത്തിൽ 10.3.1989 ലെ ജി.ഒ (പി) 33/89/ആഭ്യന്തരം ഭേദഗതി ഉത്തരവിന് ശേഷവും മുൻഭേദഗതി ഉത്തരവുകൾ നിലനിർത്തണമെന്ന ആവശ്യം നിരാകരിച്ചിട്ടുണ്ട്. |
| (ഡി) | നിയമപ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തിയത് മൂലം സംസ്ഥാനത്തെ പതിനായിരത്തോളം പോലീസുകാർക്ക് അർഹമായ പ്രമോഷനുകൾ അർഹമായ സമയത്ത് ലഭിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) ഇല്ല. |
| (ഇ) | പോലീസിലെ സീനിയോരിറ്റി നിർണ്ണയത്തിന് 1989ൽ പ്രാബല്യത്തിൽ വന്ന ഉത്തരവ് നിലനിൽക്കേ | (ഇ) ഇല്ല. |

| | | |
|---|---|---|
| | തെറ്റായ നിയമപ്രകാരം സീനിയോരിറ്റി നിർണ്ണയം നടത്തിയിരുന്നതുമൂലം മന്ത്രി മാരുടെ അംഗരക്ഷകൻമാരിൽ ചിലർ അനർഹമായി പ്രമോ ഷനുകൾ കരസ്ഥമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (എഫ്) | തെറ്റായ രീതിയിൽ സീനിയോ രിറ്റി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടി സ്വീകരിക്കു വാൻ ഉദ്ദേശിക്കുന്നു; | (എഫ്) ചോദ്യം ഉദിക്കുന്നില്ല. |
| (ജി) | തെറ്റായ രീതിയിൽ സീനിയോ രിറ്റി നിർണ്ണയം നടത്തിയത് നിമിത്തം അനർഹമായ പ്രമോഷനുകൾ കരസ്ഥമാ ക്കിയ മന്ത്രിമാരുടെ അംഗ രക്ഷകരുടെ പ്രമോഷനുകൾ നിലനിർത്തുവാൻ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശി ക്കുന്നുണ്ടോ ; | (ജി) ചോദ്യം ഉദിക്കുന്നില്ല. |
| (എച്ച്) | പോലീസിലെ . സീനിയോരിറ്റി നിർണ്ണയത്തിലെ അപാകത കൾക്കെതിരെ കേരള ഹൈക്കോടതിയിൽ ഇപ്പോൾ എത്ര കേസുകൾ നിലവി ലുണ്ട് ; അതിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ? | (എച്ച്) വിവരം ശേഖരിച്ചു വരുന്നു; കേസ്സു കളുടെ വിധി ന്യായത്തിന്റെ അടിസ്ഥാന ത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ